# പതിമൂന്നാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 731 10.02.2016 ൽ മറുപടിയ്ക്ക്

## ബാറിൽ നിന്നും മലിനീകരണം

| ചോദ്യം<br><br>ശ്രീ.ബാബു.എം.പാലിശ്ശേരി | | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും, കുടുംബക്ഷേമവും, ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | തൃശ്ശൂർ ജില്ലയിലെ പെരിമ്പിലാവ് K.R ബാറിൽ നിന്നും വലിയ പൈപ്പ് വഴി മാലിന്യം പുറത്തേയ്ക്ക് തള്ളുന്നതിന്റെ ഭാഗമായി മണ്ണിലും,കുടിവെള്ളത്തിലും മാലിന്യം കലർന്ന് പരിസരവാസികൾക്ക് മഞ്ഞപ്പിത്തം അടക്കമുള്ള രോഗങ്ങൾ പിടിപെടുന്നു എന്ന പരാതിയിൽ തൃശ്ശൂർ ജില്ലാ മെഡിക്കലാഫീസർ K.R ബാറിൽ പരിശോധന നടത്തിയിരുന്നുവോ; | (എ) | പരിശോധന നടത്തിയിട്ടുണ്ട്. |
| ബി) | പരിശോധനയിലെ കണ്ടെത്തലുകൾ എന്തായിരുന്നു; വിശദാംശം നൽകുമോ; | (ബി) | ഹോട്ടലിന്റെ തെക്ക ഭാഗത്തുള്ള മതിലിന്റെ അടിമതിലിനോട് ചേർന്ന് ഹോട്ടലിലെ മലിന ജലം ഒഴുക്കി വിടുകയായിരുന്നു. ഈ കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് നിർദ്ദശിക്കുന്ന വിധത്തിൽ മലിന ജലം നിർമ്മാർജ്ജനം ചെയ്യുന്നതിനായുള്ള നിർദ്ദശം ഹോട്ടൽ ഉടമയ്ക്ക് നൽകിയിരുന്നു. ഈ നിർദ്ദശം ഹോട്ടൽ ഉടമ പാലിച്ചതായി സ്ഥലം സന്ദർശിച്ച് ലോക്കൽ ഹെൽത്ത് അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (സി) | പരിസരവാസികളുടെ ആരോഗ്യ സുരക്ഷ ഉറപ്പ വരുത്തുന്നതിന് ജില്ലാ മെഡിക്കലാഫീസർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ? | (സി) | ജില്ലാ മെഡിക്കലാഫീസറുടെ നിർദ്ദേശ പ്രകാരം പഴഞ്ഞി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സൂപ്രണ്ട്, ഹെൽത്ത് സൂപ്പർവൈസർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവർ സ്ഥലം സന്ദർശിച്ച് ആരോഗ്യ സുരക്ഷ ഉറപ്പ വരുത്തുന്നതിനു വേണ്ടിയുള്ള നടപടികൾ കൃത്യമായി എടുത്തിട്ടുണ്ട്. ജില്ലാ മെഡിക്കലാഫീസർ ഇക്കാര്യം മോണിട്ടർ ചെയ്തിട്ടുണ്ട്.<br>സ്വീകരിച്ച നടപടികൾ താഴെ പറയും പ്രകാരമാണ്:<br>1. നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനത്തിൽ ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും ഉള്ള വെള്ളം ശേഖരിക്കുന്നതിനായി 3 ടാങ്ക് കെട്ടി പ്രശ്നം പരിഹരിച്ചിട്ടുണ്ട്.<br>2. മൂന്ന് വൈറൽ ഹെപ്പറ്റൈറ്റിസ് എ കേസുകൾ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തെ രണ്ട് കിണറുകളിൽനിന്നും വാട്ടർ സാംപിൾ ശേഖരിച്ച് പരിശോധന നടത്തി.<br>3. ഈ സ്ഥലത്തോടു ചേർന്നു കിടക്കുന്ന 25 കിണറുകൾ സൂപ്പർ ക്ലോറിനേഷൻ ചെയ്തു.<br>4. ഈ സ്ഥലത്തുള്ള 30 വീടുകളിലും രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി.<br>5. 21.10.2015 ന് പഴഞ്ഞി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സൂപ്രണ്ട്, ഹെൽത്ത് സൂപ്പർവൈസർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവർ സ്ഥലം സന്ദർശിച്ചു. രോഗം വന്ന സ്ഥലത്തെ എല്ലാവരെയും പരിശോധിച്ചു.<br>6. ഇപ്പോൾ ഈ പ്രദേശത്ത് മറ്റ് പൊതുജനാരോഗ്യ പ്രശ്നങ്ങൾ ഒന്നും തന്നെ ഇല്ല. |

സെക്ഷൻ ഓഫീസർ